നം. സി.ഇ.ഇ/4600/2019/KEAM-2020/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2020

# 2020–ലെ സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ദന്തൽ കേളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്–അണ്ടർ ഗ്രാജ്വേറ്റ്–2020 (NEET-UG 2020) പ്രവേശന പരീക്ഷ നിർബന്ധമായും എഴുതി യോഗ്യത നേടിയിരിക്കണം. നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റ് അടിസ്ഥാനമാക്കിയുള്ള ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും പ്രസ്തുത കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം.

സംസ്ഥാനത്തെ വിവിധ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലെ പ്രവേശനവും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള പ്രവേശനവും നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ്–യുജി –2020 പ്രവേശന പരീക്ഷയിലെ മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

**ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലോ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലോ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും നീറ്റ് യുജി–2020 യോഗ്യത നേടേണ്ടതും, സംസ്ഥാനതല പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷ ക്ഷണിക്കുമ്പോൾ നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്ത നീറ്റ് യോഗ്യത നേടിയ വിദ്യാർത്ഥികളെ സംസ്ഥാനത്തെ മെഡിക്കൽ/ദന്തൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.**

നീറ്റ്–യു.ജി പരീക്ഷയ്ക്കായി **www.nta.ac.in**, **www.ntaneet.nic.in,** എന്നീ വെബ്സൈറ്റുകളിലൂടെ **02-12-2019** മുതൽ **31-12-2019** വരെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471-2339101, 2339102, 2339103 & 2339104** (10 am-5 pm)

തിരുവനന്തപുരം
02.12. 2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**